## രക്ഷയുടെ പാതയിൽ




# ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 9



# സമ്പത്തും സാമൂഹികനീതിയും

# സമ്പത്തും സാമൂഹികനീതിയും

1. സമ്പത്ത് ദൈവദാനം
2. നമ്മൾ സമ്പത്തിന്റെ കാര്യസ്ഥർ
3. സമ്പത്തിനുള്ള അവകാശം
4. സമ്പത്തിന്റെ സമ്പാദനം
5. അന്യായമായ ധനസമ്പാദനം
6. സമ്പത്തിന്റെ വിനിയോഗം
7. ദൈവത്തിനുള്ളതും സീസറിനുള്ളതും
8. സഭയുടെ സാമൂഹിക പ്രബോധനങ്ങൾ

# സമ്പത്തും സാമൂഹികനീതിയും



സമഗ്രത തേടുന്ന മനുഷ്യജീവിതത്തിൽ സമ്പത്തിന്റെ സ്ഥാനവും സാംഗത്യവും ഏതു വിധത്തിലാണെന്ന് നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. സമ്പത്തിനെ നിരാകരിക്കുന്നതോ സമ്പത്തിൽ പ്രത്യാശ വെക്കുന്നതോ അല്ല ശരിയായ നിലപാട്, മറിച്ച് സമ്പത്തിനെ നീതിപൂർവ്വം വിനിയോഗിക്കുന്നതാണ്.

## സമ്പത്ത് ദൈവദാനം

- “കർത്താവാണ് എന്റെ ഇടയൻ, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല”ദൈവാശ്രയത്തിൽ കഴിയുന്നവനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നു.
- സമ്പത്ത് തന്റെയും മറ്റുള്ളവരുടെയും നന്മക്കായി നൽകിയിരിക്കുന്ന ദാനമാണെന്ന് തിരിച്ചറിയാൻ വിവേകിയായ മനുഷ്യനേ കഴിയുകയുള്ളൂ .ധനത്തിൽ അഹങ്കരിക്കുന്നവർ നാശത്തിൽ നിപതിക്കും.

സമ്പത്തും സാമൂഹികനീതിയും

## നമ്മൾ സമ്പത്തിന്റെ കാര്യസ്ഥർ

- സമ്പത്ത് നമ്മുടെ സ്വന്തമല്ല ദൈവം നൽകിയ സമ്പത്തിന്റെ കാര്യസ്ഥർ മാത്രമാണു നാം.
- നമ്മൾ ഒരിക്കലും സമ്പത്തിന്റെ അടിമയാകരുത്. സമ്പത്തിനെ നാം യഥോചിതം കൈകാര്യം ചെയ്യുകയും ഉപയോഗിക്കുകയും വേണം.

സമ്പത്തും സാമൂഹികനീതിയും

## സമ്പത്തിനുള്ള അവകാശം

- എല്ലാ മനുഷ്യർക്കും സമ്പത്തിനുള്ള അവകാശമുണ്ട്. എന്നാൽ ഈ അവകാശം ഒരിക്കലും അന്യന്റെ അവകാശത്തിലുള്ള കൈകടത്തലോ അന്യന്റെ അവകാശത്തിന്റെ നിഷേധിക്കലോ ആകാൻ പാടില്ല.
- ധനസമ്പാദനം ഒരിക്കലും സാമൂഹ്യനീതിക്കു വിരുദ്ധമാകാനും പാടില്ല എന്നതാണ് സഭയുടെ പ്രബോധനം.

സമ്പത്തും സാമൂഹികനീതിയും

## സമ്പത്തിന്റെ സമ്പാദനം

- ജീവിതവിജയത്തിന് സമ്പത്ത് ഒരു ആവശ്യഘടകമാണ്.
- എന്നാൽ എല്ലാം ദാനമായി നൽകുന്ന ദൈവത്തെ മറന്നു നാം പ്രവർത്തിക്കരുത്.
- സമ്പത്ത് നേടാൻ അവിടുന്നാണ് നിങ്ങൾക്ക് ശക്തിതരുന്നത്.

സമ്പത്തും സാമൂഹികനീതിയും

## സമ്പത്തിന്റെ വിനിയോഗം

- ദൈവത്തിൽ നിന്ന് സമ്പത്തു സ്വീകരിച്ച വ്യക്തി അത് അപരനുമായി പങ്കുവയ്ക്കാനും മനസ്സു കാണിക്കണം.
- അധ്വാനിച്ചുണ്ടാക്കുന്ന പണം വിവേകത്തോടെ ചെലവഴിക്കാൻ ശ്രദ്ധിക്കണം. ധൂർത്തും ലുബ്ധും ഒരുപോലെ ഒഴിവാക്കേണ്ടതിന്മകളാണ്.

## അന്യായമായ ധനസമ്പാദനം

- സമ്പത്ത് ദൈവികദാനമാണെങ്കിലും അന്യായമായി സമ്പാദിക്കുന്ന ധനം ദൈവദാനമാണെന്നു കരുതുന്നത് ശരിയല്ല.
- ദൈവത്തിനു നിരക്കാത്ത രീതിയിൽ ധനം സമ്പാദിക്കുന്നതും വിനിയോഗിക്കുന്നതും തെറ്റാണെന്ന് വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.
- അധ്വാനിക്കാതെ പണം സമ്പാദിക്കാമെന്നു ചിന്തിക്കുന്നതും തെറ്റാണ്.
- എല്ലാവർക്കും ആവശ്യത്തിനുള്ളത് ഈ ലോകത്തുണ്ട്
- “ചൂഷണത്തിൽ ആശ്രയിക്കരുത്, കവർച്ചയിൽ വ്യർത്ഥമായി ആശവയ്ക്കരുത്. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സുവയ്ക്കരുത്.

## സമ്പത്തും സാമൂഹികനീതിയും

- മഹാനായ വി.ബേസിൽ പറയുന്നു: “നിങ്ങളുടെ അലമാരയിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന അപ്പം നിങ്ങളുടേതല്ല, അത് വിശക്കുന്നവരുടേതാണ്. നിങ്ങളുടെ അലമാരയിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന വസ്ത്രങ്ങൾ നിങ്ങളുടേതല്ല, അത് നഗ്നർക്ക് അവകാശപ്പെട്ടതാണ്” ഈ ബോധ്യത്തോടെ നമ്മുടെ സമ്പത്ത് പാവപ്പെട്ടവരുമായി പങ്കുവയ്ക്കുവാൻ നമുക്കു കഴിയണം.

# ദൈവത്തിനുള്ളതും സീസറിനുള്ളതും

- ദൈവത്തിനുള്ളതും സീസറിനുള്ളതും മടികൂടാതെ നൽകണമെന്ന് ഈശോ പഠിപ്പിക്കുന്നുണ്ട്.
- ദൈവത്തിനും രാഷ്ട്രത്തിനും ഉതകുന്ന വ്യക്തികളായി മാറേണ്ടവരാണ് ക്രൈസ്തവർ.
- അതിനാൽ തങ്ങൾക്കുള്ള സമ്പത്തിൽ നിന്ന് നൽകേണ്ട നികുതികൾ കൃത്യമായി കൊടുക്കേണ്ടതുണ്ട്.

## സഭയുടെ സാമൂഹിക പ്രബോധനങ്ങൾ

1. റേരും നൊവാരും: 1891 മെയ് 15–ന് ലെയോ പതിമൂന്നാമൻ പാപ്പാ പുറപ്പെടുവിച്ച ചാക്രീക ലേഖനമാണിത്. തൊഴിലാളികളുടെ അവകാശപത്രിക എന്നും സാമൂഹിക ക്രമത്തിന്റെ മാഗ്നാകാർട്ടാ എന്നും ഇതറിയപ്പെടുന്നു.
2. ക്വാദ്രെജേസിമോ അന്നോ: റേരും നൊവാരും എഴുതിയതിന്റെ നാൽപതാം വർഷത്തിൽ പതിനൊന്നാം പീയൂസ് മാർപാപ്പ പുറപ്പെടുവിച്ച ചാക്രിക ലേഖനമാണിത്. 1931 മെയ് 15–ന് പ്രസിദ്ധീകരിച്ച ഈ രേഖയിൽ സാമൂഹിക പ്രശ്നങ്ങൾക്കുള്ള ക്രൈസ്തവ പരിഹാരം നിർദ്ദേശിക്കുന്നു.

3. മാതാവും ഗുരുനാഥയും (മാത്തർ എത്ത് മജിസ്ത്ര): 1961 മെയ് 15-ന് ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ പുറപ്പെടുവിച്ച ഈ ചാക്രികലേഖനത്തിൽ കാർഷിക വൃത്തിയും വികസ്വര രാജ്യങ്ങളും എന്നതാണ് പ്രധാന ചർച്ചാവിഷയം

സമ്പത്തും സാമൂഹികനീതിയും

4. ഭൂമിയിൽ സമാധാനം (പാച്ചം ഇൻ തേറീസ്): 1963 ഏപ്രിൽ 11–ാം തീയതി ജോൺ 23–ാമൻ മാർപാപ്പ ഈ ചാക്രിക ലേഖനം പുറപ്പെടുവിച്ചു. ഭൂമിയിൽ സമാധാനം സ്ഥാപിക്കാനും നിലനിർത്താനും വ്യക്തികളും രാഷ്ട്രങ്ങളും നിറവേറ്റേണ്ട കടമകളും അംഗീകരിച്ചു നൽകേണ്ട അവകാശങ്ങളുമാണ് ഇതിലെ പ്രധാന പ്രതിപാദ്യം.
5. ജനതകളുടെ പുരോഗതി (പോപ്പുളോരും പ്രോഗ്രസിയോ): പോൾ ആറാമൻ പാപ്പ 1967 മാർച്ച് 26–ന് പുറപ്പെടുവിച്ച ഈ ചാക്രികലേഖനം സമ്പന്നരാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളും തമ്മിൽ സമ്പത്തു പങ്കിടുന്നതിന്റെപ്രാധാന്യമാണ് പ്രമേയമാക്കിയിരിക്കുന്നത്.

സമ്പത്തും സാമൂഹികനീതിയും

6. സാമൂഹിക ഔത്സുക്യം (സൊളിച്ചിത്തൂതിനെ നോസ്ത്ര) : ജോൺ പോൾ രണ്ടാമൻ പാപ്പ 1987 ഡിസംബർ 30–ന് പുറത്തിറക്കിയ ഈ ചാക്രിക ലേഖനം സാമൂഹിക പ്രശ്ന ങ്ങളെക്കുറിച്ച് സഭയ്ക്കുള്ള ഔത്സുക്യം പ്രകടമാക്കുന്നു.
7. നൂറാം വർഷം (ചെന്തേസ്മൂസ് അന്നൂസ്): റേരും നൊവാ രൂമിന്റെ നൂറാം വാർഷികം പ്രമാണിച്ച് 1991 മെയ് 1–ാം തീയതിയാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈ ചക്രികേലേഖനം പുറപ്പെടുവിച്ചത്.

## സമ്പത്തും സാമൂഹികനീതിയും

- ജീവിതത്തിന്റെ നിലനില്‍പ്പിനും വളര്‍ച്ചയ്ക്കും ഒരുവനെ സഹായിക്കുന്ന ദൈവദാനമാണ് സമ്പത്ത്. നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കുവേണ്ടി ദൈവം തന്റെ സമ്പത്ത് നമ്മെ ഭരമേല്‍പ്പിച്ചു. ഈ സമ്പത്തിന്റെ വിനിയോഗം ദൈവത്തിനു പ്രീതികരമായ വിധത്തിലായിരിക്കണം നാം നടത്തേണ്ടത്. അപ്പോഴാണ് ദൈവദാനമായ സമ്പത്തിന്റെ വിശ്വസ്ത കാര്യസ്ഥരായി നാം തീരുന്നത്.